# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നം. 3030

11.12.2014 ൽ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാർക്ക് വേണ്ട യോഗ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ** | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

എ) എ.ഐ.സി.ടി.ഇ (AICTE) യുടെ പുതിയ ശമ്പള സ്കെയിൽ നടപ്പാക്കിയതിനു ശേഷം എഞ്ചിനീയറിംഗ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാർക്ക് വേണ്ട യോഗ്യതകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

എ) 2010-ൽ പുതിയ ശമ്പള സ്കെയിൽ നടപ്പിലാക്കുന്നതിനുമുമ്പെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാർക്കുള്ള യോഗ്യതകൾ വ്യക്തമാക്കുന്ന സ്പെഷ്യൽ റൂൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ട്. അതിൻ പ്രകാരമുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.

i). Ph.D degree with the 1st class degree at Bachelor's or Master's level in the appropriate branch of Engineering/ Technology.

ii) 3 years experience in teaching/Industry/Research at the level of Lecturer or equivalent.

2010-ലെ AICTE റെഗുലേഷൻ പ്രകാരം അസോസിയേറ്റ് പ്രൊഫസർ നിയമനത്തിനുള്ള യോഗ്യത ചുവടെ ചേർക്കുന്നു.

1. BE/B.Tech and M.E/M.Tech in the relevant branch with first class or equivalent either in BE/B.Tech or M.E/M.Tech
2. Ph.D or equivalent in the appropriate discipline with minimum of 5 years experience in teaching/research/industry.

ബി) എൽ.ബി.എസ് (LBS) ന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ

ബി) എൽ.ബി.എസ്. സെന്ററിന്റെ എൺപത്തി ഒമ്പതാമത് കാര്യോപദേശക സമിതി

| | | | |
|---|---|---|---|
| | 2012 ൽ നടപ്പിലാക്കിയ പ്രമോഷനുകളിൽ പ്രസ്തുത യോഗ്യത മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | | സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ ലക്ചർ (revised as Assistant Professor) തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവനദൈർഘ്യം, യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (Revised as Associate Professor) തസ്തികയിൽ സ്ഥാനകയറ്റം നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ചെയർമാനായും എൽ.ബി.എസ്. സെന്റർ ഡയറക്ടർ കൺവീനറായും പൂജപ്പുര എൽ.ബി.എസ്. കോളേജ് പ്രിൻസിപ്പാൾ മെമ്പറുമായുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും 26.09.2012 ലെ സെലക്ഷൻ കമ്മിറ്റിയുടെയും മിനിറ്റ്സ് പ്രകാരം അധ്യാപകൻ പ്രൊമോഷൻ ഉത്തരവാകുന്ന തീയതി മുതൽ ഏഴ് വർഷത്തിനുള്ളിൽ (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നിയമനങ്ങൾക്കും സ്ഥാനകയറ്റങ്ങൾക്കുമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ചട്ട പ്രകാരം) പി.എച്ച്.ഡി ബിരുദം നേടിയിരിക്കേണ്ടതാണ് എന്നുള്ള നിബന്ധനകൾക്ക് വിധേയമായി അധ്യാപകരെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകിയിട്ടുണ്ട്. ഇത് 7.12.2010 ന് മുമ്പ് പ്രൊമോഷൻ അർഹതയുള്ളവർക്ക്, അന്ന് നിലവിൽ (1996 സ്കീം) ഉള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്. |
| സി) | അദ്ധ്യാപക തസ്തികകളിലെ പ്രമോഷനുകൾക്ക് വേണ്ടിയുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | സി) | എ.ഐ.സി.റ്റി.ഇ/ കേരള ഗവൺമെന്റ് റൂൾസ് ഉം എൽ.ബി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനങ്ങൾക്ക് വിധേയമായുമാണ് നിയമനം നടത്തുന്നത്. |
| ഡി) | 2012 ൽ എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജുകളിൽ നടപ്പിലാക്കിയ പ്രമോഷനുകളിൽ പ്രസ്തുത നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഡി) | ഉണ്ട് |

| | |
|---|---|
| ഇ) 2012 ലെ പ്രമോഷന് സർവ്വീസ് സീനിയോറിറ്റി മാനദണ്ഡമായി പരിഗണിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് പ്രമോഷൻ നൽകിയതെന്ന് വ്യക്തമാക്കാമോ? | ഇ) 06.08.2012-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും മേൽപ്പടി വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുള്ളവർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്ഥാനകയറ്റം നൽകുന്നതിനായി 26.09.2012-ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായും എൽ.ബി.എസ്. സെന്റർ ഡയറക്ടർ കൺവീനറായും പൂജപ്പുര എൽ.ബി.എസ്. കോളേജ് പ്രിൻസിപ്പാൾ മെമ്പറുമായുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് അസിസ്റ്റന്റ് പ്രൊഫസർമാർക്ക് അസോസിയേറ്റ് പ്രൊഫസർ ആയി സ്ഥാനകയറ്റം നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ